## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4542 18.05.2017- ൽ മറുപടിക്ക്**

**"സംരംഭകത്വ സഹായ പദ്ധതി"**

**ചോദ്യം** **ഉത്തരം**

**ശ്രീ.പി.കെ. ശശി**
**,, എം. സ്വരാജ്**
**,, കെ. ആൻസലൻ**
**,, കെ.കുഞ്ഞിരാമൻ**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | സംരംഭകത്വ സഹായ പദ്ധതിപ്രകാരം സംരംഭകർക്ക് എന്തൊക്കെ സൗകര്യങ്ങളും സൗജന്യങ്ങളുമാണ് നൽകുന്നതെന്ന് അറിയിക്കാമോ; | എ) | സംരംഭകത്വ സഹായ പദ്ധതിപ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു(പരമാവധി 20 ലക്ഷം രൂപ). വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു(പരമാവധി 30 ലക്ഷം രൂപ). മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10%(പരമാവധി 10 ലക്ഷം രൂപ) അധിക സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സഹായം നൽകി വരുന്നു. ധനസഹായവും അധികധനസഹായവും ചേർത്ത് എല്ലാ സാമൂഹിക വിഭാഗങ്ങളിലുംപെട്ടവർക്ക് (ജനറൽ, വുമൺ, യൂത്ത്, എസ്.സി/എസ്.റ്റി) പരമാവധി അനുവദിക്കുന്ന തുക 30 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു. |
| ബി) | നവ സംരംഭകർക്ക് വേണ്ട സഹായം നൽകാനായി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ടോ; ഇത്തരം സെന്ററുകൾ ഏതെല്ലാം തരത്തിലുള്ള സഹായമാണ് നൽകി വരുന്നത്; സ്റ്റാർട്ടപ്, ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് എന്നീ ആവശ്യങ്ങൾക്ക് നൽകി വരുന്ന സഹായം എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

വ്യവസായ സംരംഭകർക്കാവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനും, സംരംഭങ്ങൾ നടത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

സമഗ്രമായ ഒട്ടനവധി സഹായങ്ങൾ നൽകി കൊണ്ട് ഒരു ബിസിനസ്സ് ആശയത്തെ ഉൽപ്പന്നം/സേവനം എന്ന നിലയിലേയ്ക്ക് പരിവർത്തിപ്പിച്ച് ഒരു വിജയകരമായ സംരംഭകനെ സൃഷ്ടിക്കുന്ന വേദിയാണ് ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ. തൊഴിലവസരങ്ങളുടെ സൃഷ്ടി, സമൂഹത്തിന്റെ സംരംഭകത്വ കാലാവസ്ഥയെ പരിപോഷിപ്പിക്കൽ, സാങ്കേതിക വിദ്യയുടെ വാണിജ്യവത്ക്കരണം, പ്രാദേശിക സാമ്പത്തികാവസ്ഥയുടെ വൈവിദ്ധ്യവൽക്കരണം, പ്രാദേശിക വ്യവസായ സമൂഹങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തൽ, ബിസിനസ്സിന്റെ സൃഷ്ടിയും നിലനിർത്തലും, വനിതകളുടെയും, ന്യൂനപക്ഷങ്ങളുടെയും സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, ആഭ്യന്തരവും ആഗോളവുമായ ബിസിനസ്സ് അവസരങ്ങളെ കണ്ടെത്തൽ, സമൂഹ പുനർനിർമ്മിതി തുടങ്ങിയ സാമൂഹിക സാമ്പത്തികാവശ്യങ്ങളെ കണ്ടെത്തി വികസിപ്പിക്കുന്നതിന് ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ മുഖേന സാദ്ധ്യമാകുന്നു. ഭരണപരമായ സേവനങ്ങൾ, ബിസിനസ്സ് ഉപദേശങ്ങൾ (പരിശീലനം, കൗൺസിലിംഗ് തുടങ്ങിയവ), സാങ്കേതിക സേവനങ്ങൾ, സാമ്പത്തിക സഹായങ്ങൾ, നെറ്റ് വർക്കിംഗ് അവസരങ്ങൾ (സംരംഭകർ തമ്മിലും വിശാലമായ ബിസിനസ്സ് സമൂഹമായും) തുടങ്ങിയവയാണ് ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ മുഖേന നൽകുന്ന വിവിധ സേവനങ്ങൾ. ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ വഴിയും അവയുടെ നെറ്റ് വർക്കിംഗ് ബന്ധങ്ങൾ വഴിയും സ്റ്റാർട്ടപ്പിനും നവസംരംഭകനും ആവശ്യമായ എല്ലാ പരിചരണങ്ങളും നൽകാൻ കഴിയുന്നു.

ഇൻക്യുബേഷൻ സെന്ററിന്റെ പ്രധാന ലക്ഷ്യം പൊതുവായി പറഞ്ഞാൽ ഒരു സംരംഭകനെ എല്ലാ തരത്തിലുള്ള സേവനങ്ങളും നൽകി ഫലപ്രദമായ സംരംഭങ്ങൾ സൃഷ്ടിക്കുവാൻ സഹായിക്കുക എന്നതാണ് ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ ചെയ്യുന്നത്.

സ്റ്റാർട്ട് അപ്പ്, ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് എന്നീ സഹായങ്ങൾ സംരംഭകത്വ സഹായ പദ്ധതി പ്രകാരമാണ് നൽകി വരുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്റ്റാർട്ട് അപ്പുകൾക്ക് സഹായകരമായ രീതിയിൽ നോളജ് ഹബ് ഇൻക്യുബേറ്റർ രൂപീകരിക്കും. നവീന ആശയങ്ങൾ/സ്റ്റാർട്ട് അപ്പുകൾ അവതരിപ്പിക്കുന്ന യുവസംരംഭകർക്ക് കെ.എസ്.ഐ.ഡി.സി മുഖേന പരമാവധി 25 ലക്ഷം രൂപ സീഡ് ഫണ്ട് സഹായമായി അനുവദിക്കുന്നു. നിക്ഷേപ പ്രോത്സാഹനത്തിനായി നിലവിലുള്ള വ്യവസായ നിക്ഷേപകരിൽ നിന്ന് ബെസ്റ്റ് അംബാസിഡർമാരെ അംഗീകരിക്കുക വഴി മറ്റുള്ളവരുടെ സേവനങ്ങൾക്ക് സർക്കാർ മുൻതൂക്കം നൽകുന്നു. നിക്ഷേപകരുടെ സംരക്ഷണത്തിനായി രൂപീകരിക്കപ്പെട്ട കമ്മിറ്റി മുഖേന നിക്ഷേപകരുടെ പരാതി സമയബന്ധിതമായി പരിഹരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ